**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 523** **09-06-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ പഠനോപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ** | | **Shri K. Radhakrishnan<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് മഹാമാരിയെത്തുടർന്ന് വിദ്യാഭ്യാസം ഓൺലൈനായി നടക്കുന്ന സാഹചര്യത്തിൽ ആദിവാസിമേഖലകളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ലോക്ക്ഡൗൺ കാലത്ത് എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ/ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പിനു കീഴിലുള്ള സാമൂഹ്യ പഠനമുറികൾ, നഴ്സറി സ്കൂളുകൾ, കിന്റർഗാർഡനുകൾ, ഏകാധ്യാപക വിദ്യാലയങ്ങൾ എന്നിവയ്ക്ക് പുറമെ അങ്കൺവാടികൾ, ഊരുവിദ്യാകേന്ദ്രങ്ങൾ എം.ജി.എൽ.സി.കൾ എന്നിവിടങ്ങളിലും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ വിക്ടേഴ്സ് ചാനലിൽ വരുന്ന ക്ലാസ്സുകൾ റിക്കോർഡ് ചെയ്ത് കോളനികളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ തുടർന്ന് വരികയാണ്. |
| (ബി) | ആദിവാസി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ പഠനോപകരണങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ടോ, വിശദാംശങ്ങൾ നൽകാമോ; | (ബി) | ആവശ്യമായ പഠനോപകരണങ്ങൾ നൽകി വരുന്നുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്. |
| (സി) | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി എന്തെങ്കിലും പ്രത്യേക പഠന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | വിദ്യാർത്ഥികളുടെ പഠന താൽപര്യം വർദ്ധിപ്പിക്കു ന്നതിനും അതുവഴി കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്ന തിനുമായി പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപന യോഗ്യതയുള്ളവരെ പ്രൈമറി ക്ലാസ്സുകൾ ഉള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിക്കുന്നു. ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിക്കുന്ന ടീച്ചർമാരുടെ ചുമതലകൾ ചുവടെ പറയുന്നവയാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിൽ എത്തിക്കുക, പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസ്സിലെ അധ്യാപകരോടൊപ്പം നിന്ന് പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളെ സഹായിക്കുക, സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദി ഒരുക്കുക, സഹ അധ്യാപകർക്ക് ഗോത്രവർഗ്ഗ ഭാഷാസംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നിവ ഇവരുടെ പ്രവർത്തന മേഖലയിൽ വരുന്ന പ്രധാന ജോലിയാണ്. എന്നാൽ പ്രഥമ അധ്യാപകരുടെയോ സഹ അധ്യാപകരുടെയോ ക്ലാസ്സിൽ പകരക്കാരായി ഇവർ മാറുന്നില്ല. സ്കൂളും കോളനികളുമായുള്ള ആശയവിനിമയവും ഒരുമിച്ചുള്ള പ്രവർത്തനവും കോളനി കേന്ദ്രീകരിച്ചുള്ള പരിഹാര ബോധന പ്രവർത്തനങ്ങളും മെന്റർ ടീച്ചർമാർ നിർവ്വഹിക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് ഓൺലൈൻ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ ഇല്ലാത്ത ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കണക്കുകൾ സർക്കാർ ശേഖരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ഡി) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പി.ഒ/റ്റി.ഡി.ഒ | ആകെ വിദ്യാർത്ഥികളുടെ എണ്ണം | ഡിജിറ്റൽ പഠന സൗകര്യം ഇല്ലാത്തവർ |
|---|---|---|---|
| 1 | റ്റി.ഡി.ഒ കാസർഗോഡ് (റ്റി.ഡി.ഒ പരപ്പ) | 9718 | 292 |
| 2 | ഐ.റ്റി.ഡി.പി കണ്ണൂർ | 5882 | 48 |
| 3 | റ്റി.ഡി.ഒ കോഴിക്കോട് | 1496 | 50 |
| 4 | റ്റി.ഡി.ഒ മാനന്തവാടി | 9337 | 219 |
| 5 | റ്റി.ഡി.ഒ ബത്തേരി | 9219 | 147 |
| 6 | ഐ.റ്റി.ഡി.പി. കൽപ്പറ്റ | 7118 | 234 |
| 7 | ഐ.റ്റി.ഡി.പി നിലമ്പൂർ | 3246 | 240 |
| 8 | ഐ.റ്റി.ഡി.പി അട്ടപ്പാടി | 5259 | 118 |
| 9 | റ്റി.ഡി.ഒ പാലക്കാട് | 2953 | 81 |
| 10 | റ്റി.ഡി.ഒ ചാലക്കുടി | 792 | 8 |
| 11 | റ്റി.ഡി.ഒ മൂവാറ്റുപുഴ | 1571 | 104 |
| 12 | റ്റി.ഡി.ഒ അടിമാലി | 2994 | 102 |
| 13 | ഐ.റ്റി.ഡി.പി ഇടുക്കി | 3709 | 102 |
| 14 | ഐ.റ്റി.ഡി.പി കാഞ്ഞിരപ്പള്ളി | 1829 | 36 |
| 15 | റ്റി.ഡി.ഒ റാന്നി | 947 | 41 |
| 16 | റ്റി.ഡി.ഒ പുനലൂർ | 1357 | 42 |
| 17 | ഐ.റ്റി.ഡി.പി നെടുമങ്ങാട് | 2690 | 182 |
| **ആകെ** | | **70117** | **2046** |